File No.TCPCTP/2446/2019-D1

മുഖ്യനഗരാസൂത്രകയുടെ നടപടിക്രമം
തിരുവനന്തപുരം

വിഷയം:- നഗര- ഗ്രാമാസൂത്രണ വകുപ്പ്- മുഖ്യ നഗരാസൂത്രകയുടെ കാര്യാലയം - തിരുവനന്തപുരം - സാങ്കേതികവിഭാഗം - വയനാട് ജില്ല മീനങ്ങാടി ഗ്രാമപഞ്ചായത്ത് കൃഷ്ണഗിരി വില്ലേജ് പെട്രോളിയം റീട്ടെയിൽ ഔട്ട് ലെറ്റ് നിർമ്മാണം അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം:- 1. മീനങ്ങാടി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 17/9/2019 ലെ എ 3-5303/2019 നമ്പർ കത്ത്.
2. വയനാട് ടൗൺ പ്ലാനറുടെ 18/10/2019 ലെ TCPWYD/814/19-C നമ്പർ കത്ത്.

---

കെട്ടിട നിർമ്മാണ അപേക്ഷ വിഭാഗം

ഉത്തരവ്. നം. TCPCTP/2446/2019-D1 തിയതി:**16/11/2019**

---

വയനാട് ജില്ലയിലെ മീനങ്ങാടി ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള കൃഷ്ണഗിരി വില്ലേജിൽ റീ സർവ്വേ നമ്പർ 443/7 - ൽപ്പെട്ട 0.2005 ഹെക്ടർ സ്ഥലത്ത് Group-H Hazardous Occupancy-ൽ പ്പെട്ട പെട്രോളിയം റീട്ടെയിൽ ഔട്ട്ലെറ്റ് (Sales building-32 ച.മീ, Canopy-234 ച.മീ) നിർമ്മിക്കുന്നതിനുള്ള അംഗീകാരം ലഭ്യമാക്കുവാനായി പരാമർശിത കത്തുകൾ മുഖേന ലഭ്യമാക്കിയ ശ്രീ. ശ്രീജിത്ത്.കെ.കെ, കരിയാട്ടേൽ, ബത്തേരിയുടെ അപേക്ഷ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കെ .പി.ബി.ആർ 2011-നും താഴെ പറയുന്ന നിബന്ധനകൾക്കും വിധേയമായി കെട്ടിടങ്ങളുടെ ലേ -ഔട്ടിനും, സ്ഥലത്തിന്റെ ഉപയോഗത്തിനും അംഗീകാരം നൽകി ഉത്തരവാകുന്നു.

നിബന്ധനകൾ

1. താഴെപറയുന്ന നിബന്ധനകൾ പൂർണ്ണമായും , പാലിച്ചിട്ടുണ്ടെന്നും നിയമാനുസൃതം ആവശ്യമായ ഏജൻസികളുടെ അനുമതി/എൻ.ഒ.സി എന്നിവ ലഭ്യമാക്കിയിട്ടുണ്ടെന്നും ഉറപ്പ് വരുത്തിയ ശേഷം മാത്രമേ സെക്രട്ടറി കെട്ടിട നിർമ്മാണാനുമതി/ഒക്യുപെൻസി നൽകുവാൻ പാടുള്ളു.
2. കെ.എം.ബി.ആർ.1999-ലെ ചട്ടം 11 പ്രകാരം സ്ഥലത്തിന്റെ ഉടമസ്ഥത , സർവ്വെ നമ്പർ, വിസ്തൃതി, അതിരുകൾ, അളവുകൾ, അപേക്ഷകന്റെ നിർമ്മാണാവകാശം എന്നിവയും, നിർദ്ദിഷ്ട നിർമ്മാണ സ്ഥലം പുറമ്പോക്ക് ഭൂമിയിൽ ഉൾപ്പെടുന്നതല്ലായെന്നും രേഖകൾ പരിശോധിച്ച് സെക്രട്ടറി ബോധ്യപ്പെട്ടിരിക്കണം.
3. നിർമ്മാണം കെ.പി.ബി.ആർ 2011-നും അനുബന്ധഭേദഗതികൾക്കും, ബാധകമായ മറ്റ് നിയമങ്ങൾക്കും അനുസൃതമായിരിക്കണം.
4. ഖര-ദ്രവ മാലിന്യ സംസ്കരണത്തിനുള്ള സംവിധാനം ഏർപ്പെടുത്തിയിരിക്കണം.
5. കട്ടിംഗ്/ഫില്ലിംഗ് ആവശ്യമെങ്കിൽ ബന്ധപ്പെട്ട വകുപ്പിന്റെ എൻ .ഒ.സി വാങ്ങിയിരിക്കണം.
6. നിർദ്ദിഷ്ട നിർമ്മാണ സ്ഥലത്ത് ഉദ്ദേശിക്കുന്ന വികസന/ നിർമ്മാണ പ്രവർത്തനങ്ങൾ 2008-ലെ കേരള നെൽവയൽ - തണ്ണീർത്തട സംരക്ഷണ നിയമം അനുബന്ധ സർക്കാർ സർക്കുലറുകൾ 1967 ലെ കേരള ഭൂവിനിയോഗ ഉത്തരവ് എന്നിവ ബാധകമാകുന്നപക്ഷം അവയ്ക്ക് അനുസൃതമായിരിക്കണം

7. ഭൂഗർഭ ടാങ്കിന്റെ നിർമ്മാണം കേരള പെട്രോളിയം റൂൾസ് 1976 ലെ വ്യവസ്ഥകൾക്ക് വിധേയമായിരിക്കേണ്ടതാണ്.
8. പെട്രോളിയം ഔട്ട് ലെറ്റ് നിർമ്മാണം സംബന്ധിച്ച് ബഹു ഹരിത ട്രിബ്യൂണലിന്റെ നിർദ്ദേശങ്ങൾക്കനുസൃതമായിരിക്കണം നിർമ്മാണം നടത്തേണ്ടത്.
9. നിർമ്മാണത്തോട് അനുബന്ധിച്ച് മാലിന്യ നിർമ്മാർജ്ജനം, മലിന ജല സംഭരണം -സംസ്കരണം - പുനരുപയോഗം എന്നിവയ്ക്ക് സജ്ജീകരണങ്ങൾ ഏർപ്പെടുത്തേണ്ടതാണ്.
10. നിർമ്മാണത്തിന് അപേക്ഷകന്റെ പേരിലുള്ള സംസ്ഥാന മലിനീകരണനിയന്ത്രണ ബോർഡ്, സംസ്ഥാന അഗ്നി സുരക്ഷാവകുപ്പ്, എക്സ്പ്ലോസീവ് വകുപ്പ് എന്നിവരിൽ നിന്നുള്ള നിരാക്ഷേപ പത്രങ്ങൾ ലഭ്യമാക്കേണ്ടതാണ്.
11. പെട്രോൾ ഡിസ്പെൻസിംഗ് യൂണിറ്റിന്റെ 7.5 മീറ്റർ പരിധിയിൽ സുഗമമായ ഗതാഗതത്തെ തടസ്സപ്പെടുത്തുന്ന വിധത്തിലുള്ള യാതൊരു നിർമ്മിതികളും പാടുള്ളതല്ല.
12. കെ.പി.ബി.ആർ. 2011 പ്രകാരമുള്ള ജില്ലാകളക്ടറുടെ അനുമതിയും നേടിയിരിക്കണം.

ഈ ഉത്തരവ് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള അനുമതി അല്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണ/വികസന അനുമതി അതത് തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ചതിനുശേഷം മാത്രമേ നിർമ്മാണം ആരംഭിക്കുവാൻ പാടുള്ളൂ.

<u>അംഗീകരിച്ച സൈറ്റ് പ്ലാൻ നമ്പർ 137/2019 ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.</u>

ഉത്തരവിൻ പ്രകാരം

ജയശ്രീ. പി. ആർ.
ടൗൺ പ്ലാനർ

ഉള്ളടക്കം- ഒരു സൈറ്റ് പ്ലാൻ

സെക്രട്ടറി,
മീനങ്ങാടി ഗ്രാമപഞ്ചായത്ത്, വയനാട് 673591
പകർപ്പ്:-

1. ശ്രീ. ശ്രീജിത്ത് കെ കെ , കരിയാട്ടേൽ ഹൗസ്, CEE CEE, വാകേരി.പി.ഒ. ബത്തേരി-673592, വയനാട്.
2. ടൗൺ പ്ലാനർ, വയനാട്
3. വെബ് സൈറ്റ്
4. കരുതൽ ഫയൽ
5. അധികം